©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 9** Vol. IX | **തിരുവനന്തപുരം, വെള്ളി** Thiruvananthapuram, Friday | **2020 ആഗസ്റ്റ് 28** 28th August 2020 **1196 ചിങ്ങം 12** 12th Chingam 1196 **1942 ഭാദ്രം 6** 6th Bhadra 1942 | **നമ്പർ** No. | **1964** |

**കേരള സർക്കാർ**

നിയമ (നിയമനിർമ്മാണ-എ) വകുപ്പ്

വിജ്ഞാപനം

നമ്പർ 12334/ലെഗ്.എ1/2020/നിയമം.

*തിരുവനന്തപുരം, 2020 ആഗസ്റ്റ് 28*
*1196 ചിങ്ങം 12*
*1942 ഭാദ്രം 6.*

2020 ആഗസ്റ്റ് 27-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദ ബാബു പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**2020-ലെ 43-ാം നമ്പർ ഓർഡിനൻസ്**

**2020-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (രണ്ടാം ഭേദഗതി) ഓർഡിനൻസ്**

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് (2003-ലെ 29) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2020-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (രണ്ടാം ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2020 മേയ് 17-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2003-ലെ 29-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണെന്ന്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത്, 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിന് (2003-ലെ 29) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതിക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 4-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 4-ാം വകുപ്പിലെ, (2)-ാം ഉപവകുപ്പിലെ (ബി) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:–

"(ബിഎ) സംസ്ഥാനം 2020-21 സാമ്പത്തിക വർഷത്തിൽ ധനക്കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനത്തിന്റെ 3 ശതമാനം ആയി നിലനിർത്തേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ 3 ശതമാനം ധനക്കമ്മിക്ക് പുറമേ ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം നടപ്പിലാക്കൽ, വ്യാപാരം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള പരിഷ്ക്കാരങ്ങൾ, അർബൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്ക്കാരങ്ങൾ, ഉർജ്ജമേഖലയിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പരിഷ്ക്കാരങ്ങൾ എന്നീ നാല് പ്രത്യേക സംസ്ഥാനതല പരിഷ്ക്കാരങ്ങൾ നടപ്പിലാക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, 2 ശതമാനം അധിക വായ്പ എടുക്കുന്നതിന് സംസ്ഥാനം അർഹമാകുന്നതാണ്. ഇപ്രകാരമുള്ള അധികവായ്പ 2020-21 വർഷത്തിൽ തന്നെ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

കുറിപ്പ്:—(i) ഓരോ സംസ്ഥാനതല പരിഷ്ക്കാരങ്ങൾക്കും മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 0.25 ശതമാനം വെയിറ്റേജ് എന്ന തോതിൽ ഒരു ശതമാനം അധികവായ്പയും;

(ii) ബാക്കിയുള്ള ഒരു ശതമാനം അധിക വായ്പ 0.50 ശതമാനം വീതം രണ്ട് ഗഡുക്കളായി സംസ്ഥാനത്തിന് ലഭ്യമാകുന്നതാണ്. ആദ്യത്തെ ഗഡുവായ 0.50 ശതമാനം നിബന്ധനകളൊന്നുമില്ലാതെതന്നെ സംസ്ഥാനത്തിന് ലഭ്യമാകുന്നതും രണ്ടാമത്തെ ഗഡു ലഭ്യമാകുന്നതിന് മുകളിൽ പ്രസ്താവിച്ചിട്ടുള്ള നാല് സംസ്ഥാനതല പരിഷ്ക്കാരങ്ങളിൽ മൂന്നെണ്ണം എങ്കിലും പാലിക്കേണ്ടതുമാണ്.”.

ആരിഫ് മുഹമ്മദ് ഖാൻ,

*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-A) Department**

NOTIFICATION

No. 12334/Leg.A1/2020/Law.

*Dated, Thiruvananthapuram, 28th August, 2020*
*12th Chingam, 1196*
*6th Bhadra, 1942.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Fiscal Responsibility (Second Amendment) Ordinance, 2020 (43 of 2020).

By order of the Governor,

ARAVINTHA BABU P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2020-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (രണ്ടാം ഭേദഗതി) ഓർഡിനൻസ്” published under the authority of the Governor.]

**ORDINANCE No. 43 OF 2020**

THE KERALA FISCAL RESPONSIBILITY (SECOND AMENDMENT) ORDINANCE, 2020

Promulgated by the Governor of Kerala in the Seventy-first Year of the Republic of India.

AN

ORDINANCE

*further to amend the Kerala Fiscal Responsibility Act, 2003.*

*Preamble.*–WHEREAS, it is expedient further to amend the Kerala Fiscal Responsibility Act, 2003 (29 of 2003) for the purposes hereinafter appearing;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement*.–(1) This Ordinance may be called the Kerala Fiscal Responsibility (Second Amendment) Ordinance, 2020.

(2) It shall be deemed to have come into force on the 17th day of May, 2020.

2. *Act 29 of 2003 to be temporarily amended.*–During the period of operation of this Ordinance, the Kerala Fiscal Responsibility Act, 2003 (29 of 2003) (hereinafter referred to as the principal Act), shall have effect subject to the amendment specified in section 3.

3. *Amendment of section 4.*–In section 4 of the principal Act, after clause (b) of sub-section (2), the following clause shall be inserted, namely:–

“(ba) State shall maintain the fiscal deficit to 3 per cent of the Gross State Domestic Product during the financial year 2020-21. State shall be eligible for additional borrowing of 2 per cent of Gross State Domestic Product for the financial year 2020-21 in addition to the fiscal

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

deficit of 3 per cent of Gross State Domestic Product subject to the compliance of four specific State level reforms, implementation of One Nation One Ration Card System, Ease of doing business reforms, Urban Local body/Utility reforms and Power sector reforms. The aforesaid additional borrowing shall be utilised during the financial year 2020-21.

*Note*:—(i) The weightage of each State level reform is 0.25 per cent of Gross State Domestic Product totalling to one per cent;

(ii) The remaining borrowing limit of one per cent will be available in two installments of 0.50 per cent each. The first installment of 0.50 per cent shall be available to the State as untied and the second on undertaking at least three out of the aforesaid four State level reforms.”.

ARIF MOHAMMED KHAN,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.08.28 05:18:49 +05:30